(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാനദണ്ഡങ്ങളിൽ ഇളവുനൽകി ഏതെങ്കിലും സെക്ഷൻ ഓഫീസുകൾ വിഭജിച്ചിട്ടുണ്ടോ ; എങ്കിൽ അവ എതെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) കോവൂർ സെക്ഷൻ വിഭജിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

കെ.എസ്.ഇ.ബി.-ക്ക് ദേശീയ അവാർഡ്

17 (4599) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മികച്ച ഊർജ്ജ സംരക്ഷണ പ്രചരണ പ്രവർത്തനങ്ങൾക്കായി വിതരണ കമ്പനികൾക്ക് നൽകുന്ന ദേശീയ അവാർഡ് ഈ സർക്കാരിന്റെ കാലത്ത് കെ.എസ്.ഇ.ബി. കരസ്ഥമാക്കിയിട്ടുണ്ടോ ;

(ബി) കെ.എസ്.ഇ.ബി.-യുടെ എതെല്ലാം പ്രവർത്തനങ്ങളാണ് ഈ അവാർഡ് ലഭിക്കുന്നതിന് അർഹമാക്കിയത് ;

(സി) പ്രസ്തുത അവാർഡിന്റെ മാനദണ്ഡങ്ങൾ എന്തായിരുന്നുവെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അവാർഡിന് അർഹമാക്കിയ പ്രധാന പ്രവർത്തനങ്ങൾ താഴെപ്പറയുന്നു :

1. വൈദ്യുതി ശൃംഖലയിൽ പ്രസരണ വിതരണ നഷ്ടം ഗുർച്ചയായി കുറയ്ക്കുന്നതിനു സ്വീകരിച്ച നടപടികൾ
2. സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്കിടയിലും പൊതുജനങ്ങൾക്കിടയിലും ബോധവത്കരണ പ്രവർത്തനങ്ങൾ കെ.എസ്.ഇ.ബി.-യുടെ ഇരുനൂറോളം വരുന്ന സബ്ഡിവിഷൻ ലെവൽ ഡി.എസ്.എം. സെല്ലുകൾ മുഖാന്തരം നടപ്പിലാക്കിയത്

LIBRARY ARCHIVES Kerala Legislative Assembly

3. വേനൽക്കാലത്ത് ഗാർഹിക ഉപഭോക്താക്കൾക്കിടയിൽ വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നത് ഉദ്ദേശിച്ചുകൊണ്ട് 'ലാഭപ്രഭ' എന്ന പരിപാടി കെ.എസ്.ഇ.ബി. നടപ്പിലാക്കിയത്

4. ഊർജ്ജ ഉപഭോഗം കൂടുതലുള്ള സാധാരണ ബൾബുകൾക്കുപകരം താരതമ്യേന ഉപഭോഗം കുറഞ്ഞ സി.എഫ്.എൽ. ബൾബുകൾ ഗാർഹിക ഉപഭോക്താക്കൾക്ക് നൽകുന്ന 'ബജത് ലാമ്പ് യോജന' എന്ന പരിപാടി കെ.എസ്.ഇ.ബി.-യിൽ വിജയകരമായി നടപ്പിലാക്കിയതിന്.

5. ഐസ് പ്ലാന്റുകളിലെ ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയതിന്

6. കാർഷിക മേഖലയിൽ ഭീമമായ ഊർജ്ജ നഷ്ടമുണ്ടാക്കുന്ന പെട്ടിപ്പറ എന്ന പരമ്പരാഗത സമ്പ്രദായം മാറ്റി കാര്യക്ഷമത കൂടിയ പുതിയ പമ്പുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കിയതിന്

(സി) 2013-14 വർഷം വൈദ്യുതി വിതരണ കമ്പനികൾ കൈവരിച്ച ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങളിലെ നേട്ടങ്ങൾ ഊർജ്ജ നഷ്ടം കുറയ്ക്കുന്ന പ്രവർത്തനങ്ങൾ/പദ്ധതികൾ അവയിലെ നേട്ടങ്ങൾ ഇവയാണ് അവാർഡിന്റെ മാനദണ്ഡങ്ങൾ.

നോ ലോഡ്ഷെഡ്ഡിംഗ് കാമ്പയിൻ

18 (4600) ശ്രീ. കെ. ശിവദാസൻ നായർ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. ജോസഫ് വാഴയ്ക്കൻ :

ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നോ ലോഡ് ഷെഡിംഗ് കാമ്പയിൻ നടത്തിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) പ്രസ്തുത പരിപാടി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly